(ജി) കണക്ഷൻ നൽകിയിട്ടില്ലെങ്കിൽ കണക്ഷൻ നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(എച്ച്) വ്യവസായ ആവശ്യങ്ങൾക്ക് കണക്ഷൻ നൽകുന്നതിനുള്ള കാല താമസം ഒഴിവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 250 കെ.വി.എ. ശേഷിയുള്ള ഒൻപത് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) 23 വ്യവസായങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) 5,18,784 രൂപ.

(ഡി) ശരാശരി 50 കെ.വി.എ. സ്ഥാപിതശേഷിയുള്ള ഇരുപതോളം കണക്ഷനുകൾ കൂടി സാങ്കേതിക ബാദ്ധ്യതയ്ക്ക് വിധേയമായി കൊടുക്കാവുന്നതാണ്.

(ഇ) ഗ്ലോബൽ ഹവായ് എന്ന സ്ഥാപനത്തിന് ഇപ്പോൾ ഒരു കണക്ഷൻ നിലവിലുണ്ട്. പ്രസ്തുത കണക്ഷനിൽ നിന്നും 61 കിലോവാട്ട് അഡീഷണൽ ലോഡ് കൂടുതലായി എടുക്കുന്നതിനുള്ള അപേക്ഷ 25-10-2002-ൽ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) അധിക ലോഡിനുള്ള കണക്ഷൻ നൽകിയിട്ടില്ല.

(ജി) ഈ അധിക ലോഡ് എടുക്കുന്നതിന് നിയമപ്രകാരം ഉപഭോക്താവിന്റെ ചെലവിൽ പ്രത്യേക ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്. ഇതിനുള്ള പണം ബോർഡിൽ ഒടുക്കാത്തതാണ് കാലതാമസത്തിനുള്ള കാരണം.

(എച്ച്) വ്യവസായ ആവശ്യങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ കണക്ഷൻ നൽകി വരുന്നുണ്ട്.

ഇലക്ട്രിസിറ്റി വർക്കർമാരുടെ ഒഴിവുകൾ

12 (1679) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ ഇപ്പോൾ ഇലക്ട്രിസിറ്റി വർക്കർമാരുടെ എത്ര ഒഴിവുകളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) വയനാട് ജില്ലയിൽ ഇപ്പോൾ നിലവിലുള്ള ഇലക്ട്രിസിറ്റിവർക്കർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടന്നിട്ടുണ്ട് ;

(സി) നിയമനം നടന്നിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) നിയമനം നടത്താൻ ഉടൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 70 ഒഴിവുകൾ.

(ബി) 33 പേർക്ക് നിയമന ഉത്തരവ് അയച്ചിട്ടുണ്ട്. ബാക്കിയുള്ള 37 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) പ്രസക്തമല്ല.

മാവൂർ സെക്ഷനിലേക്ക് മാറ്റേണ്ട പ്രദേശങ്ങൾ

13 (1681) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാവൂർ. കെ.എസ്.ഇ.ബി സെക്ഷനിൽപ്പെട്ട വാഴക്കാട്, എടവണ്ണപ്പാറ പ്രദേശങ്ങൾ പുതുതായി പ്രവർത്തനമാരംഭിച്ച എടവണ്ണപ്പാറ ഡിവിഷനിൽ ഉൾപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മാവൂരിന്റെ പരിസരപ്രദേശങ്ങളെ സൗത്ത് അരയ്ക്കോട്, അരയങ്കോട്, അരയങ്കോട് മുക്കിൽ ഭാഗങ്ങൾ, മുക്കം സെക്ഷനിൽ നിന്ന് മാറ്റി മാവൂർ സെക്ഷനിലേക്കാക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ&ബി) ഉണ്ട്.

കീഴാർകുത്ത് വൈദ്യുത പദ്ധതി

14 (1683) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ നിയോജകമണ്ഡലത്തിലെ ഉടുമ്പന്നൂർ പഞ്ചായത്തിലെ 'കീഴാർകുത്ത്' വൈദ്യുതി പദ്ധതിയുടെ ടെൻഡർ ആരെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ബി) പ്രസ്തുത വർക്ക് എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) മലങ്കര പവർ ഹൗസിന്റെ പണി എന്ന് പൂർത്തിയാക്കാൻ കഴിയും ; ആരാണ് പ്രസ്തുത പവർ ഹൗസിന്റെ കരാറുകാരൻ ;

(ഡി) പണി പൂർത്തിയാക്കുന്നത് സംബന്ധിച്ച കരാറിലെ കാലാവധി എന്നായിരുന്നു ;

(ഇ) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്നറിയിക്കാമോ ;

(എഫ്) സമയത്ത് പണി പൂർത്തിയാക്കാത്തതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly